പാറേൽപ്പള്ളി കൂദാശ: പാർക്കിംഗ് ക്രമീകരണം

ചങ്ങനാശേരി: പാറേൽ പള്ളി കൂദാശാ ചടങ്ങിനെത്തുന്നവരുടെ വാഹനങ്ങളിൽ പേപ്പൽ പതാകയും പാറേൽ പള്ളിയുടെ ഫോട്ടോയും പ്രദർശിപ്പിക്കണം.

ടൂവീലറുകൾ പള്ളിക്ക് എതിർവശത്തുള്ള എസ്‌വിഡി സെമിനാരി മൈതാനത്ത് പാർക്ക് ചെയ്യണം. തിരുവല്ല, ആലപ്പുഴ, കോട്ടയം ഭാഗത്തുനിന്നും വരുന്ന ഫോർവീലർ വാഹനങ്ങൾ എസ്ബി സ്കൂൾ ഗ്രൗണ്ടിലും വലിയ വാഹനങ്ങൾ മോർക്കുളങ്ങര എകെഎം സ്കൂൾ മൈതാനത്തും പാർക്ക് ചെയ്യണം.

തെങ്ങണ, കറുകച്ചാൽ, ഭാഗത്തുനിന്നുള്ള ഫോർവീലർ വാഹനങ്ങൾ മീഡിയ വില്ലേജ് ഗ്രൗണ്ടിലും വലിയ വാഹനങ്ങൾ വലിയകുളം ഭാഗത്ത് പെട്രോൾ പമ്പിന്റെ വശങ്ങളിലും പാർക്ക് ചെയ്യണം.

ഉച്ചയ്ക്ക് 1.30 മുതൽ വാഴൂർ റോഡിൽ നിന്നും പള്ളി കൂദാശാ ചടങ്ങിനായി വരുന്ന വാഹനങ്ങൾ ഒഴികെയുള്ളവ തെങ്ങണയിൽനിന്നു തൃക്കൊടിത്താനം- കുന്നുംപുറം വഴിയും നാലുന്നാക്കൽ റൂട്ടിലും തിരിച്ചുവിടും. ചങ്ങനാശേരിയിൽനിന്നു വാഴൂർ റോഡിൽ പോകേണ്ട വാഹനങ്ങൾ റെയിൽവേ ബൈപാസ് ജംഗ്ഷനിൽ തിരിച്ചുവിടും.



ഇന്നു കൂദാശ ചെയ്യുന്ന പാറേൽ മർത്ത് മറിയം വലിയപള്ളിയുടെ കവാടത്തോടു ചേർന്നു സ്ഥാപിച്ചിട്ടുള്ള അമലോത്ഭവ മാതാവിന്റെ രൂപം ആർച്ച്ബിഷപ് മാർ തോമസ് തറയിൽ വെഞ്ചരിക്കുന്നു. ഫാ. സിൻജോ തുണ്ടിയിൽ, വികാരി ഫാ. ജേക്കബ് വാരിക്കാട്ട്, ഫാ. റോബിൻ പുതുപ്പറമ്പിൽ, ഫാ. റ്റെജി പുതുവീട്ടിൽക്കളം എന്നിവർ സമീപം.

കാലിത്തീറ്റ വിലവർധന: മുക്കുകയറിടാൻ ആരുണ്ട് ?

വില കൂട്ടിക്കൂട്ടി എങ്ങോട്ടെന്ന് ക്ഷീരകർഷകർ

- കെഎസ് കാലിത്തീറ്റ വില ഇന്നുമുതൽ 50 രൂപ വർധിക്കും
- ഗോദ്റെജ് കാലിത്തീറ്റ ഇന്നലെ 50 രൂപ വർധിപ്പിച്ചു

കോട്ടയം: ദുരിതക്കയത്തിൽ മുങ്ങിത്താഴുന്ന ക്ഷീരകർഷകന്റെ വയറ്റത്തടിച്ചു വീണ്ടും കാലിത്തീറ്റ കമ്പനികൾ. കെഎസ് കാലിത്തീറ്റ ഇന്നുമുതൽ 50 കിലോഗ്രാം ചാക്കിന് 50 രൂപയും ഗോദ്റെജ് കാലിത്തീറ്റ ഇന്നലെ മുതൽ 50 രൂപയും വർധിപ്പിച്ചു. കഴിഞ്ഞ 16നു കേരള ഫീഡ്സ് എലൈറ്റ് കാലിത്തീറ്റ 50 കിലോഗ്രാം ചാക്കിനു 100 രൂപ വർധിപ്പിച്ചിരുന്നു. ഇതോടെ 50 കിലോഗ്രാം കാലിത്തീറ്റ വാങ്ങുന്നതിനു 2000 രൂപയോളം ചെലവ് വരും.

കെഎസ് കാലിത്തീറ്റ കഴിഞ്ഞ ഒക്ടോബർ 27നു 50 രൂപ കിലോഗ്രാമിനു വർധിപ്പിച്ചതിനു പിന്നാലെയാണ് അടുത്ത വിലവർധനകൂടി പ്രഖ്യാപിച്ചിരിക്കുന്നത്. ഏറ്റവും കൂടുതൽ കർഷകർ പശുക്കൾക്കു നല്കുന്നതു ഡീലക്സ് പ്ലസ് പെല്ലറ്റ്സും സുപ്രീം പെല്ലറ്റ്സുമാണ്. രണ്ടു കമ്പനികളും അടുപ്പിച്ചു വില വർധിപ്പിച്ചതു ക്ഷീരകർഷകർക്കു വലിയ തിരിച്ചടിയായി.

വില വർധനയോടെ ചെറുകിട ക്ഷീരകർഷകർക്കു പശുക്കളെ വളർത്തി ഉപജീവനം നടത്തുക അസാധ്യമായി മാറിയിരിക്കുകയാണ്. കാലിത്തീറ്റയ്ക്കു പുറമെ തവിട്, തേങ്ങാപ്പിണ്ണാക്ക്, പരുത്തിക്കുരു എന്നിവയുടെ വിലയും ഉയർന്നിട്ടുണ്ട്. പച്ചപ്പുല്ലും വൈക്കോലും കൈതപ്പോളയും നല്കുന്ന കർഷകരും പാൽ കൂടുതലായി ലഭിക്കുന്നതിനു കാലിത്തീറ്റ നല്കാറുണ്ട്.

പാലിന് ഒരു രൂപ കൂട്ടാൻ മാസങ്ങളെടുക്കുമ്പോൾ കാലിത്തീറ്റയ്ക്ക് ഒറ്റയടിക്ക് വില കൂട്ടുന്ന സ്ഥിതിയാണെന്ന് കർഷകർ പറയുന്നു.പശു വളർത്തലിൽ ചെലവിന്റെ 60 മുതൽ 70 ശതമാനവും കാലിത്തീറ്റയ്ക്ക് നൽകേണ്ട ഗതികേടിലാണ് കർഷകർ. കന്നുകാലികളുടെ തീറ്റ, മരുന്ന്, വൈദ്യുതി തുടങ്ങിയ ചെലവുകൾ ഉയർന്നത് കർഷകരുടെ നട്ടെല്ലൊടിക്കുകയാണ്.

ഉത്പാദനചെലവ് താങ്ങാനാകാതെ പശുക്കളെ വിറ്റൊഴിവാക്കുന്ന അവസ്ഥയിലേക്ക് ചെറുകിട കർഷകർ എത്തിയിരിക്കുന്നു. ഒരു ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നതിന് 60 രൂപ ചെലവ് വരുമ്പോൾ ക്ഷീരസംഘങ്ങളിൽ നിന്ന് കർഷകർക്ക് ലഭിക്കുന്നത്. 42 -45 രൂപ വരെയാണ്. അത്യുത്പാദന ശേഷിയുള്ള പശുക്കളുണ്ടെങ്കിലേ പിടിച്ചു നിൽക്കാനാകൂ.

ഇത്തരം പശുക്കളെ വാങ്ങാൻ ലക്ഷക്കണക്കിനു രൂപ ചെലവ് വരും. ഉത്പാദനം കുറഞ്ഞ സാഹചര്യത്തിൽ ലിറ്ററിന് 20 രൂപയെങ്കിലും കൂടുതൽ ലഭിച്ചാലേ പിടിച്ചുനിൽക്കാൻ കഴിയുയെന്ന് കർഷകർ പറയുന്നു.

കേന്ദ്രം അടിയന്തരമായി ഇടപെടണം



കാലിത്തീറ്റയുടെയും കാലിത്തീറ്റ നിർമിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെയും വില നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ അടിയന്തരമായി ഇടപെടണം. കാലിത്തീറ്റ, വെറ്ററിനറി മരുന്നുകൾ എന്നിവയുടെ വിലയും ഉത്പാദനച്ചെലവും വർധിച്ച സാഹചര്യത്തിൽ ക്ഷീര മേഖലയെ ആശ്രയിച്ചു ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ്. കൂടുതൽ കർഷകർ ക്ഷീരമേഖലയെ ഉപേക്ഷിച്ചു പോകുന്ന സാഹചര്യമാണുള്ളത്. ക്ഷീരമേഖലയിലേക്ക് പുതിയ തലമുറയിലെ കർഷകർ കടന്നുവരുന്നുമില്ല.

ജോയിമോൻ വാക്കയിൽ
ക്ഷീരകർഷകൻ
ളാക്കാട്ടൂർ ക്ഷീരസംഘം പ്രസിഡന്റ്, മിൽമ ബോർഡ് മെംബർ എറണാകുളം മേഖലാ യൂണിയൻ

എംജി സർവകലാശാലാ നീന്തൽ വാട്ടർപോളോ ചാമ്പ്യൻഷിപ്പ്

പാലാ: മഹാത്മാഗാന്ധി സർവകലാശാലയുടെ 2026-27 അധ്യയന വർഷത്തെ നീന്തൽ, വാട്ടർപോളോ ചാമ്പ്യൻഷിപ്പ് ഇന്നും നാളെയുമായി പാലാ സെന്റ് തോമസ് കോളജ് (ഓട്ടോണമസ്) ഇന്റഗ്രേറ്റഡ് സ്പോർട്സ് കോംപ്ലക്സിലെ നീന്തൽക്കുളത്തിൽ നടക്കും.

ഇന്ന് രാവിലെ 10ന് സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ. ടോജി തോമസ് ഉദ്ഘാടനം നിർവഹിക്കും. വൈസ് പ്രിൻസിപ്പൽ ഫാ.ഡോ. സാൽവിൻ കാപ്പിലിപ്പറമ്പിൽ, കോളജ് ബർസാർ ഫാ. മാത്യു ആലപ്പാട്ടുമേടയിൽ, കായിക വിദ്യാഭ്യാസ വിഭാഗം മേധാവി ഡോ. ആശിഷ് ജോസഫ്, സംഘാടക സമിതി സെക്രട്ടറി ഡോ. ജിൻസ് കാപ്പൻ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

എംജി സർവകലാശാലയ്ക്ക് കീഴിലുള്ള വിവിധ കോളജുകളിൽ നിന്നായി പുരുഷ-വനിതാ വിഭാഗങ്ങളിലായി 500-ലധികം നീന്തൽ താരങ്ങൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കും. വിവിധ നീന്തൽ ഇനങ്ങളിലെ മത്സരങ്ങൾക്ക് പുറമെ വാട്ടർപോളോ മത്സരങ്ങളും നടക്കും.

ചാമ്പ്യൻഷിപ്പിനോടനുബന്ധിച്ച് എംജി സർവകലാശാലയുടെ പുരുഷ-വനിതാ നീന്തൽ, പുരുഷ വിഭാഗം വാട്ടർപോളോ ടീമുകളിലേക്കുള്ള താരങ്ങളുടെ തെരഞ്ഞെടുപ്പും നടത്തും. തെരഞ്ഞെടുക്കപ്പെടുന്ന താരങ്ങൾ സർവകലാശാലയെ പ്രതിനിധീകരിച്ച് ചെന്നൈ എസ്ആർഎം സർവകലാശാലയിൽ വച്ച് നടക്കുന്ന അഖിലേന്ത്യ അന്തർ സർവകലാശാല മത്സരങ്ങളിൽ പങ്കെടുക്കും.

അന്താരാഷ്ട്ര നിലവാരത്തിലുള്ള നീന്തൽ പരിശീലന സൗകര്യങ്ങളുള്ള പാലാ സെന്റ് തോമസ് കോളജിൽ തുടർച്ചയായി മൂന്നാം തവണയാണ് മഹാത്മാഗാന്ധി സർവകലാശാല നീന്തൽ, വാട്ടർപോളോ ചാമ്പ്യൻഷിപ്പ് നടക്കുന്നത്.

ദിവ്യകിന്നരം ക്രിസ്ത്യൻ ഭജൻസ് ഉദ്ഘാടനവും ഭജന സദസും

കോട്ടയം: ദിവ്യകിന്നരം ക്രിസ്ത്യൻ ഭജൻസ് ഉദ്ഘാടനവും ഭജന സദസും 25നു രാത്രി ആറിനു പേരൂർ മന്നാമല കാസാ മരിയ ഓഡിറ്റോറിയത്തിൽ നടക്കും. കാസാമരിയ ഡയറക്ടർ ഫാ. ജോർജ് പുറമടത്തിൽ ഉദ്ഘാടനം ചെയ്യും. കലാസാംസ്കാരിക രംഗത്തെ പ്രമുഖരും സാമൂഹ്യപ്രവർത്തക സാരഥികളും ചടങ്ങിൽ പങ്കെടുക്കും.

ദിവ്യകിന്നരത്തിൽ വിവിധ കലാസമിതികളിലൂടെയും സമൂഹമാധ്യമങ്ങളിലൂടെയും അരനൂറ്റാണ്ടിലേറെയായി കലാകേരളത്തിനകത്തും പുറത്തും സുപരിചിതരായ ആറു ഗായകരും എട്ട് ഉപകരണ വിദഗ്ധരും 15ൽപ്പരം സാങ്കേതിക വിദഗ്ധരുമാണ് സംഗീതസപര്യ നയിക്കുന്നത്. 40,000 വാട്ട്സ് സൗണ്ടും 18,000 വാട്ട്സ് ലൈറ്റിംഗും 200 സ്ക്വയർഫീറ്റ് എൽഇഡി വാൾ സംവിധാനവുമുണ്ടാകും.

പത്രസമ്മേളനത്തിൽ ദിവ്യകിന്നരം ക്രിസ്ത്യൻ ഭജൻസ് മാനേജർ നിബുരാജ്, ചലച്ചിത്ര സംഗീത സംവിധായകൻ ഡോ. കെ. എ. അനീഷ്, സംഗീത സംവിധായകൻ കെ. ജി. പീറ്റർ, ഗായകൻ സിജു ജോസഫ്, വിജയൻ പൂഞ്ഞാർ, പോൾ വർക്കി, രാജപ്പൻ, ജീജോ ജോൺസ് എന്നിവർ പങ്കെടുത്തു.



വൈക്കം മഹാദേവ ക്ഷേത്രത്തിലെ ചരിത്രപ്രസിദ്ധമായ വൈക്കത്തഷ്ടമി മഹോത്സവത്തിന് തന്ത്രി മുഖ്യരായ ഭദ്രകാളി മറ്റപ്പള്ളി ചെറിയ പരമേശ്വരൻ നമ്പൂതിരി, കിഴക്കിനിയേടത്ത് മേക്കാട് മാധവൻ നമ്പൂതിരി എന്നിവരുടെ മുഖ്യകാർമികത്വത്തിൽ കൊടിയേറ്റുന്നു.

കെ.ആർ. നാരായണൻ പുരസ്കാരം കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിക്ക്

ഏറ്റുമാനൂർ: കോട്ടയം സംസ്കൃതി ഫൗണ്ടേഷൻ കെ.ആർ. നാരായണൻ എക്സലൻസ് പുരസ്കാരം 2026 കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിക്ക്. സൊസൈറ്റി നടത്തുന്ന സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങളെ മുൻനിർത്തിയാണ് പുരസ്കാരം നൽകുന്നതെന്ന് ഭാരവാഹികൾ വ്യക്തമാക്കി.

24ന് ഉച്ചകഴിഞ്ഞ് മൂന്നിന് തെള്ളകം ചൈതന്യയിൽ നടക്കുന്ന സമ്മേളനത്തിൽ മന്ത്രി മോൻസ് ജോസഫ് സമ്മേളന ഉദ്ഘാടനവും പുരസ്കാര സമർപ്പണവും നടത്തും .

ഫൗണ്ടേഷൻ പ്രസിഡന്റ് അഡ്വ. ടി.വി. സോണി അധ്യക്ഷത വഹിക്കും. ജില്ലാ കളക്ടർ ചേതൻ കുമാർ മീണ മുഖ്യപ്രഭാഷണം നടത്തും. കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ മറുപടി പ്രസംഗം നടത്തും .

പാമ്പാടി കെ.ജി. കോളജ് മുൻ പ്രിൻസിപ്പൽ ഡോ. ഷെർളി കുര്യൻ ചെയർപേഴ്സണും എംജി സർവകലാശാല ബയോ സയൻസ് മുൻ ഡയറക്ടർ ഡോ. എം.എസ്. ലത, മാന്നാനം കെഇ കോളജ് ചരിത്രവിഭാഗം മുൻ മേധാവിയും എംജി സർവകലാശാല റിസർച്ച് ഗൈഡുമായ ഡോ. റോസമ്മ സോണി എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയാണ് പുരസ്കാര നിർണയം നടത്തിയത്.

അഡ്വ. ടി.വി. സോണി, വി.എസ്. ചന്ദ്രശേഖരൻ നായർ, തോമസ് കുഴിച്ചാലിൽ, ശശിധരൻ നായർ, ഡോ. റോസമ്മ സോണി തുടങ്ങിയവർ പരിപാടികൾ വിശദീകരിച്ചു.

ജില്ലാ ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പ് 28ന് കോട്ടയത്ത്

കോട്ടയം: ബോഡി ബിൽഡിംഗ് അസോസിയേഷൻ ഓഫ് കോട്ടയത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജില്ലാ ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പ് 28ന് ഉച്ചകഴിഞ്ഞ് ഒന്നിനു കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടക്കും. ജൂനിയർ, സീനിയർ, മാസ്റ്റേഴ്സ്, വനിത ബോഡി ബിൽഡിംഗ്, മോഡൽ ഫിസിക്, ജൂനിയർ ഫിറ്റ്നസ് ഫിസിക്, ഫിസിക്കലി ചലഞ്ച്ഡ് കിഡ്സ് വിഭാഗം തുടങ്ങി വിവിധ വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

ബോഡി ബിൽഡിംഗ് അസോസിയേഷൻ ഓഫ് കോട്ടയത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 52 ജിമ്മുകളിൽ നിന്നായി ഏകദേശം 250 മുതൽ 300 വരെ മത്സരാർഥികൾ പങ്കെടുക്കും. ജില്ലയിലെ മറ്റ് ജിമ്മുകളിലും പരിശീലനം നടത്തുന്ന നിരവധി മത്സരാർഥികൾക്കും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അവസരമുണ്ട്.

പത്രസമ്മേളനത്തിൽ ബോഡി ബിൽഡിംഗ് അസോസിയേഷൻ ഓഫ് ജില്ലാ പ്രസിഡന്റ് ബെൽസ് എബി, സെക്രട്ടറി ദിൽജിത്, ട്രഷറർ നീന സ്കറിയ, വിമൻസ് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷാന്റി സന്തോഷ്, ബോഡി ബിൽഡിംഗ് അസോസിയേഷൻ ഓഫ് കോട്ടയം സ്പോർട്സ് കൗൺസിൽ നോമിനി അജു ഏബ്രഹാം എന്നിവർ പങ്കെടുത്തു.

വൈക്കത്തഷ്ടമി ഉത്സവത്തിന് കൊടിയേറി

വൈക്കം: ശിവപഞ്ചാക്ഷരി മന്ത്രങ്ങളാൽ മുഖരിതമായ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ വൈക്കം മഹാദേവ ക്ഷേത്രത്തിലെ ചരിത്ര പ്രസിദ്ധമായ അഷ്ടമി മഹോത്സവത്തിന് കൊടിയേറി.

ഇന്നലെ രാവിലെ 6.30നും 8.15നും മധ്യേ തന്ത്രിമുഖ്യരായ ഭദ്രകാളി മറ്റപ്പള്ളി ചെറിയ പരമേശ്വരൻ നമ്പൂതിരി, കിഴക്കിനിയേടത്ത് മേക്കാട് മാധവൻ നമ്പൂതിരി എന്നിവരുടെ മുഖ്യ കാർമികത്വത്തിൽ ക്ഷേത്രത്തിലെ മേൽശാന്തിമാരും ചേർന്നാണ് കൊടിയേറ്റിയത്. നെറ്റിപ്പട്ടം കെട്ടിയ ഗജവീരന്മാരും സ്വർണക്കുടകളും വാദ്യമേളങ്ങളും കൊടിയേറ്റിന് അകമ്പടിയായി. കൊടിയേറ്റിനെ തുടർന്ന് കൊടിക്കീഴിൽ തിരുവിതാംകൂർ ദേവസ്വം കമ്മിഷണർ ബി. സുനിൽകുമാർ, അവിട്ടം തിരുനാൾ ആദിത്യവർമ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി. കലാമണ്ഡപത്തിൽ അവിട്ടം തിരുനാൾ ആദിത്യവർമ ദീപം തെളിച്ചു.

അഷ്ടമി വിളക്കിലെ ദീപം ആറാട്ട് വരെ കെടാതെ സൂക്ഷിക്കും. ഇനി പന്ത്രണ്ട് രാപകലുകൾ ക്ഷേത്രനഗരി ഉത്സവ സാന്ദ്രമാകും.

26ന് ദർശന പ്രാധാന്യമുള്ള ഋഷഭ വാഹന എഴുന്നള്ളിപ്പ്. ഡിസംബർ ഒന്നിനാണ് ചരിത്ര പ്രസിദ്ധമായ വൈക്കത്തഷ്ടമി. പുലർച്ചെ 4.30ന് അഷ്ടമി ദർശനം, വൈകുന്നേരം ആറിന് നടക്കുന്ന ഹിന്ദുമത സമ്മേളനം ജസ്റ്റീസ് ഹരിശങ്കർ വി. മേനോൻ ഉദ്ഘാടനം ചെയ്യും. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ. ജയകുമാർ അധ്യക്ഷത വഹിക്കും. രാത്രി 11 ന് ഉദയനാപുരത്തപ്പന്റെ വരവ്, പുലർച്ചെ രണ്ടിന് അഷ്ടമി വിളക്ക്.

ഭക്ഷ്യ കമ്മീഷൻ ഇന്നു ജില്ലയിൽ പരിശോധന നടത്തും

കോട്ടയം: സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളും ഇന്നു ജില്ലയിൽ സന്ദർശനം നടത്തി വിവിധ സ്ഥാപനങ്ങളിൽ പരിശോധന നടത്തും. രാവിലെ 10.30 മുതലാണ് പരിശോധന. അങ്കണവാടികൾ, അമൃതം ന്യൂട്രിമിക്സ് നിർമാണ കേന്ദ്രങ്ങൾ, റേഷൻ കടകൾ എന്നിവിടങ്ങളിലും എൻഎഫ്എസ്എ ഗോഡൗണുകളിലും ഡിപ്പോകളിലും പരിശോധന നടക്കും. പൊതുവിതരണ സംവിധാനത്തിന്റെയും ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെയും പ്രവർത്തനം വിലയിരുത്തുന്നതിനും സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതിനുമാണ് പരിശോധന.

പരിശീലനം

കോട്ടയം: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബർ ട്രെയിനിംഗ് റബറുത്പന്ന വിശകലനം, റിവേഴ്സ് എൻജിനിയറിംഗ് എന്നിവയിൽ ഡിസംബർ ഏഴു മുതൽ 11 വരെ പരിശീലനപരിപാടി സംഘടിപ്പിക്കും. ഫോൺ: 9497487209, 04812353127. വാട്ട്സ്ആപ്പ് 04812353201. ഇമെയിൽ training@rubberboard.org.in

ഉപാസനയിൽ സിമ്പോസിയം

തൊടുപുഴ: ഉപാസന സാംസ്കാരിക കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ വൈകുന്നേരം അഞ്ചിന് എൽനിനോ പ്രതിഭാസവും കേരളത്തിന്റെ കാലാവസ്ഥാ ഭാവിയുംഎന്ന വിഷയത്തിൽ സിമ്പോസിയം സംഘടിപ്പിക്കും. ന്യൂമാൻ കോളജ് ഫിസിക്സ് വിഭാഗം മുൻ മേധാവി ഡോ. ജോ ജേക്കബ് ചർച്ച നയിക്കും.



എന്റെ മാവും കായ്ക്കും... കോട്ടയം പോസ്റ്റ് ഓഫിസിന് പിന്നിലെ പച്ചക്കറി വില്പനക്കാരന്റെ കടയ്ക്കു മുകളിലേക്ക് ചാഞ്ഞുനിൽക്കുന്ന മാവിൻകൊമ്പിൽ വിൽക്കാനുള്ള മാങ്ങകൾ തൂക്കിയിട്ടപ്പോൾ. ഒറ്റ നോട്ടത്തിൽ ഇവ മാവിൽ കായിച്ചതാണെന്നേ തോന്നൂ. -ജോൺ മാത്യു.

യുവാവ് തോട്ടിൽ ചാടി ജീവനൊടുക്കി



കൈപ്പുഴ: യുവാവ് തോട്ടിൽ ചാടി ജീവനൊടുക്കി. കൈപ്പുഴ പള്ളിക്കുന്ന് വീട്ടിൽ രതീഷ് രാധാകൃഷ്ണൻ (44) ആണ് ജീവനൊടുക്കിയത്. ഇന്നലെ ഉച്ചയ്ക്ക് 1.30 ന് ആർപ്പൂക്കര കുട്ടോമ്പുറം പാലത്തിൽനിന്ന് ഇയാൾ ആറ്റിൽ ചാടുകയായിരുന്നെന്ന് പറയപ്പെടുന്നു. കുട്ടോമ്പുറം പാലത്തിന് സമീപത്ത് സംശയാസ്പദമായ രീതിയിൽ ബാഗും ചെരിപ്പും കണ്ടതിനെ തുടർന്ന് നാട്ടുകാർ വിവരം ഗാന്ധിനഗർ പോലീസിലും അഗ്നിരക്ഷാ സേനയെയും അറിയിക്കുകയായിരുന്നു.

തുടർന്ന് പാമ്പാടി യൂണിറ്റിലെ അഗ്നിരക്ഷാ സേനാ ഓഫിസറും ജില്ലാ സ്കൂബാ ടീം അംഗവുമായ ടി.കെ വിനോദ് കുമാറിന്റെ നേതൃത്വത്തിൽ ആറ്റിൽ നടത്തിയ തെരച്ചിലിൽ മൃതദേഹം കണ്ടെത്തുകയായിരുന്നു. തുടർന്ന് മൃതദേഹം കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിലേക്കു മാറ്റി. അവിവാഹിതനാണ്. സംഭവത്തിൽ ഗാന്ധിനഗർ പോലീസ് മേൽനടപടി സ്വീകരിച്ചു.

കെഎസ്ആർടിസി ബസിൽ മദ്യപാനം: മൂന്നുപേർ പിടിയിൽ

കോട്ടയം: തലശേരിയിൽനിന്നു തിരുവനന്തപുരത്തേക്ക് പോയ കെഎസ്ആർടിസി ബസിൽ യാത്ര ചെയ്തിരുന്നവർ കോട്ടയം കെഎസ്ആർടിസി ബസ്സ്റ്റാൻഡിൽ വച്ച് ബസിലിരുന്നു മദ്യപിച്ച സംഭവത്തിൽ മൂന്നു പേർ പിടിയിൽ. തിരുവനന്തപുരം നേമം സ്വദേശികളായ മൂന്നു പേരാണ് പിടിയിലായത്.

ജീവനക്കാർ ബസ് പന്തളം പോലീസ്സ്റ്റേഷനിൽ എത്തിച്ച് ഇവരെ കൈമാറുകയായിരുന്നു. രാമകുമാർ, സുരേഷ്, രാജീവ് എന്നിവരാണ് പിടിയിലായത്.

മദ്യപാനദൃശ്യങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ പുറത്തുവന്നതോടെ കെഎസ്ആർടിസി അധികൃതരും സ്പെഷൽ ബ്രാഞ്ച് പോലീസും ഇടപെട്ടാണ് ഇവരെ പിടികൂടിയത്.

ബാങ്ക് ഓഫ് ബറോഡ Bank of Baroda

പനമ്പിള്ളി നഗർ ശാഖ
28/94, പനമ്പിള്ളി നഗർ അവന്യൂ, പനമ്പിള്ളി നഗർ, കൊച്ചി-682036, Ph: 0484-2310166
Email: kochbs@bankofbaroda.com

സ്ഥാവര വസ്തുവിനെ സംബന്ധിച്ച ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് നീ കൺസ്ട്രക്ഷൻ ഓഫ് ഫൈനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 & സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(6) & 8(2) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ-ലേല വിൽപന നോട്ടീസ്

വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ബാങ്ക് ഓഫ് ബറോഡയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക തുകയും പലിശയും മറ്റ് ചെലവുകളും ഈടാക്കുന്നതിന് വേണ്ടി ബാങ്ക് ഓഫ് ബറോഡയുടെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശമെടുത്തിട്ടുള്ള സ്ഥാവര വസ്തുക്കൾ "As is where is", "As is what is", & "Whatever there is" എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന വിവരം വായ്പക്കാരെ/ജാമ്യക്കാരെ/ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. വായ്പക്കാർ/പണയക്കാർ/ജാമ്യക്കാർ/ഈട് വസ്തു/കുടിശ്ശിക തുക/കരുതൽ വില/ഇ-ലേല തീയതിയും സമയവും നിരതദ്രവ്യം/ലേല വർദ്ധന തുക എന്നിവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും: (1) **ശ്രീ. ജോർജ്ജ് ആന്റണി**, (2) **ശ്രീമതി. ബിന്നി ജോർജ്ജ്** (3) **ശ്രീ. ജോസഫ് ജോർജ്ജ്**, എല്ലാവരും താമസം: ഹൗസ് നം. 44/655, നം. 25 DD വില്ലേജ്, മെയ് 1st റോഡ്, തമ്മനം, എറണാകുളം-682032.

കുടിശ്ശിക തുക: 19.11.2026 ലെ രൂപ **10,99,04,028.98** (പത്ത് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി നാലായിരത്തി ഇരുപത്തിയെട്ട് രൂപ തൊണ്ണൂറ്റിയെട്ട് പൈസ)യും 20.11.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും.

സ്ഥാവര വസ്തുവിന്റെ വിവരണം (ബാധ്യതയുണ്ടെങ്കിൽ അതുൾപ്പെടെ): കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ കാഞ്ഞിരപ്പള്ളി വില്ലേജിൽ കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ കാഞ്ഞിരപ്പള്ളി ദേശത്ത് ശ്രീമതി. ബിന്നി ജോർജ്ജ് & ശ്രീ. ജോസഫ് ജോർജ്ജ് എന്നിവർ വക റീസർവേ ബ്ലോക്ക് നം.11, റീസർവേ നം. 98/1-8 (പഴയ സർവെ നം.170/4)ൽ പെട്ട 134.40 ആർസ് (3.31 ഏക്കർ) സ്ഥലവും അതിലിരിപ്പ് കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താമസയോഗ്യമായ കെട്ടിടവും (ഡോർ നം. VIII/750 &VIII/751) അതിലെ 1/4th വിഭജിക്കാത്ത അവകാശവും റീ സർവേ ബ്ലോക്ക് നം.11, ബ്ലോക്ക് നം.11 ൽ റീസർവേ നം. 98/1ൽ പെട്ട 0.1828 ഹെക്ടർ (45.17 സെന്റ്) സ്ഥലവും അതിലെ കിണറും അപ്രോച്ച് റോഡും ഉൾപ്പെടെ 8 മീറ്റർ വീതിയുള്ള സ്വകാര്യ റോഡും മറ്റു ചായങ്ങളും. **അതിരുകൾ: വടക്ക്:** പഞ്ചായത്ത് റോഡ്,**കിഴക്ക്:** റോഡ്, **തെക്ക്:** ആനത്താനം കൊച്ചുറാണി & ആലിസ് എന്നിവർ വക വസ്തു, **പടിഞ്ഞാറ്:** ആനത്താനം കുടുംബം വക വസ്തു.

കരുതൽ വില:	നിരതദ്രവ്യം:	ലേല വർദ്ധന തുക:
രൂപ 9,54,00,000/-	രൂപ 95,40,000/-	രൂപ 1,00,000/-

വസ്തു പരിശോധന തീയതിയും സമയവും: **05-12-2026** ന് രാവിലെ **10.00** മുതൽ വൈകുന്നേരം **5.00** വരെ

ഇ-ലേല വിൽപന തീയതിയും സമയവും: **10.12.2026** ന് ഉച്ചയ്ക്ക് **2.00** മണി മുതൽ വൈകുന്നേരം **6.00** മണി വരെ

കൈ